THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"

| GRADE: VI<br>DATE : 04/10/2024 | TERM EXAMINATION<br>MALAYALAM | Max.Marks - 40<br>TIME : 2 Hrs |
|---|---|---|

## ANSWER KEY

| | |
|---|---|
| 1 | ചെറുശ്ശേരി , എഴുത്തച്ഛൻ , കുഞ്ചൻ നമ്പ്യാർ |
| 2 | എഴുത്തച്ഛൻ |
| 3 | പൂന്താനം |
| 4 | തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ |
| 5 | കുഞ്ചൻ നമ്പ്യാർ |
| 6 | കൊക്ക് |
| 7 | മുഖം |
| 8 | പോക്കറ്റ് |
| 9 | മനോഹരമായ |
| 10 | ലോകം |
| 11 | പുഷ്പം , മലർ |
| 12 | നേത്രം , നയനം |
| 13 | പികം , കോകിലം |
| 14 | മേനി , മെയ്യ് |
| 15 | അജം |
| 16 | വിശേഷം + ഒന്നും + ഇല്ല |
| 17 | പിടിച്ചിട്ട് + ഉണ്ട് |
| 18 | ഭിന്നിപ്പല്ല |
| 19 | ഒന്നുമില്ല |
| 20 | ഭിക്ഷാടകനായ |
| 21 | സ്വാമി വിവേകാനന്ദൻ സഞ്ചാരത്തിനിടയിൽ ട്രെയിനിൽ വെച്ച് കുറച്ച് ആംഗലേയ യുവാക്കളെ കാണാൻ ഇടയായി . അദ്ദേഹത്തിന് ഇംഗ്ലീഷ് വശമില്ലെന്നു കരുതി യുവാക്കൾ തമാശകൾ പറയുകയും സ്വാമിയേ |

| | |
|---|---|
| | കളിയാക്കുകയും ചെയ്തു . മാത്രമല്ല ഭാരതത്തിൽ ബ്രിട്ടിഷുകാർ സ്ഥാപിച്ച അധികാരം വിളംബരം ചെയ്യുന്ന മട്ടിലായിരുന്നു അവർ പെരുമാറിയത് .കാവി വസ്ത്രം ധരിച്ച സ്വാമിയേ ഒരു ഭിക്ഷാടകൻ ആണെന്ന് കരുതിയ യുവാക്കൾക്ക് പിന്നീട് അദ്ദേഹം ഏവരും ആദരിക്കുന്ന മഹാൻ ആണെന്ന് മനസിലായി . |
| 22 | ബഷീർ തന്റെ കൃതിക്ക് അവലംബമാക്കിയത് സാധാരണക്കാരന്റെ സാധാരണമായ ജീവിതമാണ്. അതുകൊണ്ടു തന്നെ മൃഗങ്ങളും പക്ഷികളും അദ്ദേഹത്തിന്റെ രചനകളിൽ കഥാപാത്രങ്ങളാണ് . അദ്ദേഹത്തിന്റെ ഏതു കഥയിലും കേൾക്കുന്ന പൊതു തത്വം സ്നേഹത്തിന്റെ , വിശ്വമാനവികതയുടെ വളകിലുക്കമാണ് .വളരെ ലളിതമായ രീതിയിലാണ് അദ്ദേഹം കഥകൾ എഴുതിയത്. |
| 23 | പേര്<br>വീട്ടുപേര്<br>സ്ഥലം<br>പോസ്റ്റ് ഓഫീസ്<br>ജില്ല പിൻകോഡ്<br><br>മാനേജർ,<br>എച് ആൻഡ് സി പബ്ലിഷിങ് ഹൗസ്<br>തൃശൂർ<br><br>സർ ,<br>എനിക്ക് താങ്കളുടെ സ്ഥാപനം പ്രസിദ്ധീകരിച്ച സ്വാമി വിവേകാനന്ദന്റെ ജീവചരിത്രം 'തേജസ്വിയായ വാഗ്മി' അയച്ചുതരണം എന്ന് അഭ്യർത്ഥിക്കുന്നു. പുസ്തകത്തിന്റെ വിലയായ 60 രൂപയും തപാൽ ചാർജും ഉൾപ്പെടെ 80 രൂപയുടെ ഡി ഡി ഇതിനോടൊപ്പം വയ്ക്കുന്നു . മടക്കത്തപാലിൽ തന്നെ പുസ്തകം അയക്കുമല്ലോ.<br><br>ബഹുമാനപൂർവ്വം<br>സ്ഥലം പേര്<br>തീയതി ഒപ്പ് |
| 24 | വൈലോപ്പിള്ളി ശ്രീധരമേനോന്റെ പ്രശസ്തമായ കവിതയാണ് മാമ്പഴം. ഒരമ്മയുടെ ചിന്തകളിലൂടെയാണ് കവിത അവതരിപ്പിക്കുന്നത്. തന്റെ മകൻ പൂവിട്ട തൈമാവിന്റെ ഒരു കുല ഓടിച്ച് അമ്മയുടെ അടുത്തെത്തി . തീരെ ചെറിയ കുട്ടിയായ അവന് പൂങ്കുല ഓടിച്ചാൽ മാങ്ങ ഉണ്ടാകില്ല എന്നറിയില്ലായിരുന്നു. പൂങ്കുലയുമായി വരുന്ന കുട്ടിയെ കണ്ടപ്പോൾ ദേഷ്യം വന്ന 'അമ്മ കുട്ടിയെ ശകാരിച്ചു . കുട്ടിക്ക് വലിയ വിഷമമായി . അവൻ വിങ്ങി . പൂങ്കുല എറിഞ്ഞുകൊണ്ട് അവൻ പറഞ്ഞു " മാമ്പഴം പെറുക്കുവാൻ ഞാൻ വരുന്നില്ല" എന്ന് . അവന്റെ വാക്കുകൾ 'അമ്മ കാര്യമായി എടുത്തില്ല. എന്നാൽ നാലുമാസം തികയും മുന്പ് മാങ്ങകൾ പഴുത്തു വീഴും മുൻപ് അമ്മയുടെ മണിക്കുട്ടൻ മരിച്ചു.കുട്ടികൾ ദൈവജ്ഞരാണ് എന്നാണ് കവി പറയുന്നത്. ഭാവി പ്രവചിക്കാൻ അവർക്കു കഴിയും . നാല് മാസം കഴിഞ്ഞ് ആർക്കും വേണ്ടാതെ കിടക്കുന്ന മാങ്ങകൾ കാണുമ്പോൾ ഉണ്ടായ അമ്മയുടെ ദുഃഖത്തിലൂടെ ആണ് കവി സംഭവങ്ങൾ വിവരിക്കുന്നത്, |